Draft #20 of File 38100/FC C-5/2022/FCC S Approved by REGISTRAR (i/c) on 11-Mar-2024 05:28 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 38100/FC C-5/2022/FCC S തീയതി: 11.03.2024

പ്രിയദർശിനി ഹിൽസ്

**<u>സർക്കുലർ</u>**

വിഷയം:- 2024-25 സാമ്പത്തിക വർഷത്തിലെ ആദായ നികുതി കണക്കുകളുടെ സമർപ്പണം(പ്രതീക്ഷിതം)-സ്രോതസ്സിൽ നിന്നും നികുതി കിഴിവ് നടത്തുന്നത് സംബന്ധിച്ച്.

സൂചന :- കേന്ദ്ര സർക്കാരിന്റെ 2024 യൂണിയൻ ബജറ്റിലെ പരാമർശങ്ങൾ.

മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ എല്ലാ ജീവനക്കാരും തങ്ങളുടെ 2024-25 സാമ്പത്തിക വർഷത്തിലെ വരുമാനത്തിന്റെയും കരമൊഴിവായ നിക്ഷേപങ്ങളുടെയും പ്രതീക്ഷിത കണക്കുകൾ 2024 മാർച്ച് 20 തീയതിക്കകം എഫ് സി സി സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്. **2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെ ലഭിക്കാനിടയുള്ള ശമ്പളം,ശമ്പള കുടിശ്ശിക,ക്ഷാമ ബത്ത കുടിശ്ശിക,മറ്റേതെങ്കിലും ഇനത്തിൽ 2024-25 സാമ്പത്തികവർഷം ജീവനക്കാരുടെ പി എഫ് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്ന തുക,പി എഫ് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്ന അഞ്ചു ലക്ഷത്തിന് മേൽ വരുന്ന തുകയുടെ പലിശ, മറ്റേതെങ്കിലും ഇനത്തിൽ ലഭിക്കാനിടയുള്ള തുക** എന്നിവയാണ് കണക്കുകൾ തയാറാക്കുമ്പോൾ ഉൾപ്പെടുത്തേണ്ടത്.

## <u>ആദായ നികുതി കണക്കുകളുടെ സമർപ്പണവുമായി ബന്ധപ്പെട്ടു ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>

1. എല്ലാ ജീവനക്കാരും നിർബന്ധമായും PAN നേടിയിരിക്കേണ്ടതാണ് .നാളിതു വരെ PAN ന്റെ പകർപ്പ് എഫ് സി സി ,അക്കൗണ്ട്സ് III എന്നീ സെക്ഷനുകളിൽ സമർപ്പിക്കാത്തവരിൽ നിന്നും ആദായ നികുതി നിയമം 206AA വകുപ്പ് പ്രകാരം ശമ്പളത്തിന്റെ 20% ശതമാനം ആദായ നികുതി ഇനത്തിൽ സ്വമേധയാ കിഴിവ് ചെയ്യുന്നതായിരിക്കും .

2. ആദായ നികുതി കിഴിവിലേക്കായി സമർപ്പിക്കുന്ന കണക്കുകൾ നിർബന്ധമായും നിയമപരമായും അംഗീകരിച്ചതും,അംഗീകരിക്കാവുന്നതുമായ രേഖകളോടൊപ്പമായിരിക്കണം. ഭവന നിർമ്മാണ വായ്പ കിഴിവുകൾ ആവശ്യമുള്ളവർ അംഗീകൃത വായ്പകളുടെ തിരിച്ചടവിന്റെയും, പലിശയുടെയും വേർതിരിച്ച കണക്കുകൾ വായ്പ നൽകിയ സ്ഥാപനത്തിൽ നിന്നും വാങ്ങി നികുതി കണക്കുകളോടൊപ്പം സമർപ്പിക്കേണ്ടതാണ്. നികുതി ദായകന് ഗൃഹത്തിൻ മേലുള്ള അവകാശം സ്ഥാപിക്കുന്നതിനുള്ള രേഖകളും **(തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ ഒടുക്കിയ കെട്ടിട നികുതി രശീതി പകർപ്പ് / ഉടമസ്ഥാവകാശ സാക്ഷ്യ പത്രം /വീടിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്)** ഇതിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. വായ്പ നൽകിയ സ്ഥാപനത്തിന്റെ വിവരങ്ങൾ PAN സഹിതം കണക്കുകളോടൊപ്പം നിർബന്ധമായും നൽകേണ്ടതാണ്. കൂടാതെ സംയോജിത ലോൺ ആണെങ്കിൽ പലിശയുടെയും മുതലിന്റെയും പകുതി മാത്രമേ ഉൾപ്പെടുത്താൻ കഴിയുള്ളൂ. **പ്രതീക്ഷിത കണക്കുകൾക്കൊപ്പം മുൻ സാമ്പത്തിക വർഷത്തെ രേഖകൾ സമർപ്പിച്ചാൽ മതിയാകുന്നതാണ്.**

3. ആദായ നികുതി വകുപ്പ് രണ്ടു രീതിയിൽ കണക്കുകൾ സമർപ്പിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്.

1) 2019 ഫിനാൻസ് ആക്ട് പ്രകാരം.

2) 2020 ഫിനാൻസ് ആക്ട് പ്രകാരം (റൂൾ 115 BAC ).

എല്ലാ ജീവനക്കാരും ഇതിൽ ഏതെങ്കിലും ഒന്ന് മാത്രം തിരഞ്ഞെടുക്കേണ്ടതും അതിനായുള്ള പ്രത്യേക സാക്ഷ്യ പത്രത്തിൽ മാത്രം കണക്കുകൾ നൽകേണ്ടതുമാണ്. സാക്ഷ്യ പത്രങ്ങളുടെ പകർപ്പ് എം ജി സർവ്വകലാശാല വെബ് സൈറ്റിൽ ലഭ്യമാണ് (www.mgu.ac.in).സാക്ഷ്യ പത്രത്തിലെ രണ്ടാം ഷീറ്റിലെ വിവരങ്ങൾ നിർബന്ധമായും ആദ്യം തന്നെ പൂരിപ്പിക്കുവാൻ ശ്രദ്ധിക്കുക. കണക്കുകളുടെ കൃത്യത ഉറപ്പു വരുത്തുന്നതിന് ഇത് അത്യന്താപേക്ഷിതമാണ്.

**നിർദിഷ്ട തീയതിക്കകം രേഖകൾ സഹിതം പ്രതീക്ഷിത ആദായ നികുതി സാക്ഷ്യ പത്രം സമർപ്പിക്കാത്ത**

**ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം ആദായ നികുതി കിഴിവ് ചെയ്യുന്നതാണ്.**

| ആദായ നികുതി കിഴിവ് പട്ടിക 2024-2025 | | |
|---|---|---|
| ക്രമ നമ്പർ | പ്രതിമാസ മൊത്ത ശമ്പളം | പ്രതിമാസം ഈടാക്കേണ്ട ആദായ നികുതി |
| 1 | 58000 വരെ | ഇല്ല |
| 2 | 58001-60000 | 2000 |
| 3 | 60001-65000 | 3000 |
| 4 | 65001-70000 | 4000 |
| 5 | 70001-75000 | 5000 |
| 6 | 75001-80000 | 6000 |
| 7 | 80001-85000 | 7000 |
| 8 | 85001-90000 | 8000 |
| 9 | 90001-95000 | 8500 |
| 10 | 95001-100000 | 9000 |
| 11 | 100001-105000 | 9500 |
| 12 | 105001-110000 | 10000 |
| 13 | 110001-115000 | 11000 |
| 14 | 115001-120000 | 12000 |
| 15 | 121001-125000 | 13000 |
| 16 | 125001-130000 | 14000 |
| 17 | 130001-135000 | 15000 |
| 18 | 135001-140000 | 16000 |
| 19 | 140001-145000 | 18000 |
| 20 | 145001-150000 | 20000 |
| 21 | 150001-155000 | 22000 |
| 22 | 155001-160000 | 24000 |
| 23 | 160001-165000 | 26000 |
| 24 | 165001-170000 | 28000 |
| 25 | 170001-175000 | 30000 |
| 26 | 175001-180000 | 32000 |
| 27 | 180001-185000 | 34000 |
| 28 | 185001-190000 | 36000 |
| 29 | 190001-195000 | 38000 |
| 30 | 195001-200000 | 40000 |
| 31 | 200001-205000 | 42000 |
| 32 | 205001-210000 | 44000 |
| 33 | 210001-215000 | 46000 |
| 34 | 215001-220000 | 48000 |
| 35 | 220001-225000 | 50000 |
| 36 | 225001-230000 | 52000 |
| 37 | 230001-235000 | 54000 |
| 38 | 235001-240000 | 56000 |
| 39 | 240001-245000 | 58000 |
| 40 | 245001-250000 | 60000 |
| 41 | 250000 മുകളിൽ | 62000 |

Draft #20 of File 38100/FC C-5/2022/FCC S Approved by REGISTRAR (i/c) on 11-Mar-2024 05:28 PM - Page 2

മലയാളം സർവ്വകലാശാല, കേരളം

**ഡോ.ജയചന്ദ്രൻ കെ**
രജിസ്ട്രാർ (i/c)

സ്വീകർത്താവ്
എല്ലാ ജീവനക്കാരും.

Draft #20 of File 38100/FC C-5/2022/FCC S Approved by REGISTRAR (i/c) on 11-Mar-2024 05:28 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം